**പതിനാലാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2424 17.08.2017 -ലെ മറുപടി

## വി.എം.കെ.എസ്.വൈ പ്രകാരം നടപ്പിലാക്കേണ്ട പ്രവർത്തനങ്ങൾ

ചോദ്യം
ശ്രീ.സി.കൃഷ്ണൻ

മറുപടി
മാത്യൂ ടി തോമസ്
ജലവിഭവ വകുപ്പുമന്ത്രി

| | | | |
|---|---|---|---|
| എ) | പി.എം.കെ.എസ്.വൈ പ്രകാരം സംസ്ഥാനത്ത് നടപ്പിലാക്കേണ്ട പ്രവർത്തനങ്ങളുടെ രൂപരേഖ തയ്യാറായിട്ടുണ്ടോ; എങ്കിൽ ഇത് അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ടോ എന്നും അംഗീകാരം ലഭിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ; | എ) | ഉണ്ട്. കാരാപ്പുഴ ജലസേചന പദ്ധതിയും മൂവാറ്റുപുഴ വാലി ഇറിഗേഷൻ പ്രോജക്റ്റിനെയുമാണ് PMKSY യുടെ Accelerated Irrigation Benefit Programme വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. District Irrigation Plan (DIP) യിൽ ഉൾപ്പെട്ട പ്രവൃത്തികളിൽ നിന്നും തിരഞ്ഞെടുത്ത പ്രവർത്തികൾ ഉൾപെടുത്തി ഓരോ വർഷവും തയ്യാറാക്കുന്ന Annual Action Plan ന് State Level Sanctioning Committee (SLSC) യുടെ അംഗീകാരം ലഭിച്ചാൽ അവയിൽ PMKSY യുടെ guidelines കൃത്യമായും പാലിക്കുന്ന പ്രവൃത്തികൾക്കുമാത്രമേ കേന്ദ്ര സഹായം ലഭിക്കുകയുള്ളൂ. വിവധ വകുപ്പുകൾ മുഖാന്തിരം നടപ്പിലാക്കേണ്ട പ്രവൃത്തികൾ ഉൾപ്പെടുത്തി ജില്ല അടിസ്ഥാനത്തിൽ തയ്യാറാക്കിയ District Irrigation Plan, State Level Sanctioning Committee യുടെ അംഗീകാരത്തോടെ PMKSY യുടെ വെബ്സൈറ്റിൽ, കൃഷി വകുപ്പിലെ PPM Cell മുഖാന്തിരം അപ് ലോഡ് ചെയ്തിട്ടുണ്ട്. |
| ബി) | ഈ പദ്ധതിയിൽ സംസ്ഥാനത്തിന് ഈ വർഷം ഫണ്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ എത്രയെന്ന് വ്യക്തമാക്കുമോ? | ബി) | ഫണ്ട് ലഭിച്ചിട്ടില്ല. |

**സെക്ഷൻ ഓഫീസർ**